**No. CEE/4050/2016/KEAM-2017/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ-2017

## അഡ്മിറ്റ് കാർഡുകൾ ഓൺലൈനായി ലഭ്യമാക്കി

2017 ഏപ്രിൽ 24, 25 തീയതികളിൽ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും, മുംബൈ, ന്യൂഡൽഹി, ദുബായ് എന്നിവിടങ്ങളിലും വച്ച് നടത്തുന്ന കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ **2017 ഏപ്രിൽ 12-ാം തീയതി** മുതൽ കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **KEAM 2017-Candidate Portal** എന്ന ലിങ്ക് വഴി അവരുടെ അപേക്ഷാ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് **'Admit Card'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. **അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ടുമായിവേണം വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് ഹാജരാകേണ്ടത്.** അഡ്മിറ്റ് കാർഡുകൾ പരീക്ഷാ ഹാളിൽ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡുകൾ കൈവശം ഇല്ലാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

അപേക്ഷയിലെ ഫോട്ടോഗ്രാഫ്, ഒപ്പ്, വിരലടയാളം എന്നിവയിലെ അപാകതകൾ മൂലം ചില അപേക്ഷാർത്ഥികളുടെ അഡ്മിറ്റ് കാർഡുകൾ താത്കാലികമായി തടഞ്ഞുവച്ചിട്ടുണ്ട്. അത്തരം വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാൻ ശ്രമിക്കുമ്പോൾ അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. ന്യൂനതകൾ ഇല്ലാത്ത ഫോട്ടോ, ഒപ്പ്, വിരലടയാളം എന്നിവ **2017 ഏപ്രിൽ 15-ാം തീയതി**ക്കുള്ളിൽ അതത് ലിങ്ക് വഴി അപ്‌ലോഡ് ചെയ്ത് അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് അവരുടെ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്.കൂടാതെ അപേക്ഷയിലെ മറ്റ് ന്യൂനതകളെ സംബന്ധിച്ച വിവരങ്ങളടങ്ങിയ മെമ്മോയുടേയും അവ പരിഹരിക്കുന്നതിന് സമർപ്പിക്കേണ്ട പ്രൊഫോർമയുടേയും പ്രിന്റൗട്ടുകൾ അതത് ലിങ്ക് വഴി ലഭിക്കുന്നതാണ്.

അപാകതകൾ പരിഹരിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുമ്പോൾ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്ത സമയത്ത് അപേക്ഷകനു ലഭിച്ച മെമ്മോയുടെ ഒരു പകർപ്പുകൂടി ഉൾക്കൊള്ളിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി ഫാക്സ്/ഇ–മെയിൽ മുഖാന്തിരം അയച്ചു തരുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിലെ അവരുടെ കാൻഡിഡേറ്റ് പോർട്ടലിൽ നൽകിയിട്ടുള്ള **Find Application Number** എന്ന ലിങ്കിൽ നിന്ന് പേരും, മൊബൈൽ നമ്പരും നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471- 2339101, 2339102, 2339103, 2339104**

(രാവിലെ 10 മണി മുതൽ 5 മണിവരെ)

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
11.04.2017